**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **26-10-2021 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേര ഗ്രാമം പദ്ധതിയിൽ 2021-22 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ നിന്നും ചങ്ങരോത്ത്, പുറമേരി, വാണിമേൽ, ഒളവണ്ണ, നരിക്കുനി, തുണേരി, മടവൂർ, ഉള്ള്യേരി, മണിയൂർ, തുറയൂർ, കൊടിയത്തൂർ എന്നീ 11 പഞ്ചായത്തുകളിലാണ് 2021-22 വർഷത്തിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ; | (ബി) | തെങ്ങിന് തടം തുറക്കൽ, കുമ്മായം, രാസവളം, ജൈവവളം വിതരണം, കേട് വന്ന തെങ്ങ് വെട്ടിമാറ്റൽ, ഇടവിള കൃഷി, പമ്പ് സെറ്റ് വിതരണം, തെങ്ങ്കയറ്റ യന്ത്രം വിതരണം, ജൈവവള നിർമ്മാണ യൂണിറ്റ്, കൃഷിഭവനുള്ള പ്രവർത്തനഫണ്ട്, കേരസമിതികൾക്ക് ധനസഹായം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. നരിക്കുനി, ചങ്ങരോത്ത്, വാണിമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ തെങ്ങിന് തടംതുറക്കൽ, സംയോജിത വളപ്രയോഗത്തിനായുള്ള രാസവള/ജൈവവള വിതരണം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടവിള കൃഷി, ജലസേചന സൗകര്യം ഒരുക്കൽ എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ചങ്ങരോത്ത് പഞ്ചായത്തിൽ, ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് കോക്കനട്ട് എന്ന വിഷയത്തിൽ 2021 ഒക്ടോബർ മാസം അവസാനം കർഷക പരിശീലന പരിപാടി നടത്തുന്നതാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ, തെങ്ങുകൃഷിക്കായുള്ള രാസവള വിതരണം നടന്നുവരുന്നു. പുറമേരി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (സി) | നാളികേരത്തിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള | (സി) | കേരള സർക്കാർ 01/04/2021 മുതൽ |

| | | | |
|---|---|---|---|
| | താങ്ങുവില എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | നാളീകേരത്തിന് (പച്ചത്തേങ്ങയ്ക്ക്) നിലവില്‍ കിലോയ്ക്ക് 32 രൂപയാണ് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. ഇത് വര്‍ധിപ്പിക്കുന്നതിന് നിലവില്‍ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല . |

സെക്ഷന്‍ ഓഫീസര്‍